# ഇതളുകൾ




## എസ്. എൻ. വി.സംസ്കൃത ഹൈസ്കൂൾ തിരുവല്ല



# ആമുഖം

പാഠ്യ പ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്ന മികവാർന്ന പ്രവർത്തനങ്ങൾക്ക് വേദിയായ നമ്മുടെ സ്കൂളിൽ നിന്ന് ഇപ്പോഴിതാ ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു. ഐടി അധിഷ്ഠിതമായ പല പ്രവർത്തനങ്ങളിലും പരിശീലനം നേടിയ നമ്മുടെ കുട്ടികൾ സംസ്ഥാന തലങ്ങളിലും മികച്ച പ്രകടനം കാഴ്ചവെച്ചത് ഏറെ അഭിമാനത്തോടെ പങ്കുവെക്കുന്നു ഒപ്പം സ്കൂളിൽ വിജയകരമായി പ്രവർത്തനം തുടരുന്ന ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ  തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ  മികവുറ്റതാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

സന്ധ്യ.ഡി

പ്രഥമാധ്യാപിക

# ഉള്ളടക്കം

ആർക്കോവേണ്ടി -4

ഉള്ളുലച്ച് -5

നഷ്ടപ്പെടലുകളുടെ നൊമ്പരം-
6-8

സംസ്കൃതം കവിത -9

ഓർമ്മകളിലൂടെ-11-12

# ആർക്കോവേണ്ടി

മൂകമാം ത്രിസന്ധ്യയിൽ ശൂന്യമാം സിന്ദൂര രേഖയുമായി നിൽപ്പു നീ
ആരോമൽ പൂവിതളെ
ഇന്നു നിൻ മുൻപിൽ ജീവനറ്റ് കിടപ്പു നിൻ പാതി
ഇന്നു നിന്നുള്ളിൽ ചേതനയറ്റ് കിടപ്പു നിൻ ജീവിതം
തരിലിളം പൂവായി നിൻ
ഇളം സ്പടിക മാനസത്തെ
താലി എന്ന് സ്വർണ്ണ നൂൽ ചരടിനാൽ
ബന്ധിച്ചു അന്ന് അവർ
തൻ ലോലമാം ഇതളിന്റെ
വർണ്ണപകിട്ടിനെ ഉള്ളിൽ ഒതുക്കി നീ
ഇരുൾ പരപ്പാം മറകളെ
തൻ മുടിയിൽ ചൂടി
എന്നിട്ട് ഇതാ നിൻ മുന്നിൽ
ജീവിതമെന്നവർ ചൊല്ലിയവൻ
നിശ്വാസമറ്റു വീണു കിടക്കുന്നു
അവസാനം ഇതാ
നിൻ തരളമാം ഇതളിനെ
ആർക്കോ വേണ്ടി നീ താനേപൊഴിക്കുന്നു
അവസാനം ഇത് ലോലമാമിതളിനെ ആരൊക്കെയോ ചേർന്നു
പിച്ചി ചീന്തുന്നു
ഇതൾ കൊഴിഞ്ഞുവീണ നിൻ മേനിയെ ഏറ്റുവാങ്ങി ധരണികേണു
ആർക്കോവേണ്ടി ജീവിച്ചവൾ

# ഉള്ളുലച്ച്

**അങ്ങകലെ ചക്രവാളത്തിൻ കീഴെ കുങ്കുമ
പൊട്ടു പോൽ
കതിരവൻ മായവേ സാഗരസീമയിൽ
അലിഞ്ഞു ചേരുമാ
പൊൻ പ്രഭ മായവേ തൻകൂട് കണ്ടെത്തി
പക്ഷികൾ ചേക്കേറവേ
എൻ ഗ്രാമത്തിൻ നാഡി സ്പന്ദനം പോൽ
കുഞ്ഞ് അരുവിതൻ കളക്ള നാദമെൻ
കാതിൽ പതിക്കവേ
ഞാനറിയുന്നൊരാരാ നേർത്ത തെന്നൽ
ഉള്ളിലാഴ്ന്ന് ഉള്ളുലച്ച്
അങ്ങനെ അങ്ങനെ.....**

# നഷ്ടപ്പെടലുകളുടെ നൊമ്പരം

ജീവിതം ചിലപ്പോൾ അങ്ങനെയെല്ലാമാണ് എന്നെ ഞാനാക്കിയത് ഈ ജീവിതമാണ്. അമ്മൂമ്മ പറഞ്ഞു. 20 വർഷങ്ങൾക്ക് മുമ്പ് ആ നാട്ടിൽ നാശംവിതച്ച മഹാപ്രളയത്തെപ്പറ്റി പറയുകയായിരുന്നു അമ്മൂമ്മ.ഒരു പ്രമുഖ സർവ്വകലാശാലയിലെ ഭൂമിശാസ്ത്രം വിഭാഗം വിദ്യാർത്ഥികളോട് സംവദിക്കാനുള്ള അവസരം അമ്മൂമ്മയെ തേടി എത്തുകയായിരുന്നു തങ്ങൾക്ക് ആവശ്യമുള്ളതെല്ലാം പഠിച്ചതിനു ശേഷം അവരെല്ലാം തിരികെ പോയി കൂട്ടത്തിൽ ഒരു വിദ്യാർത്ഥി എന്തോ മറന്നു വെച്ചത് കാരണം തിരികെ വന്നു.അവളായിരുന്നു തന്മയ. അവൾ അമ്മൂമ്മയോട് പറഞ്ഞു ക്ഷമിക്കണം ഞാൻ ഒരു പുസ്തകം ഇവിടെ മറന്നു വെച്ചു അത് എടുത്തിട്ട് ഞാൻ തിരികെ പോകും. അമ്മൂമ്മ അവൾക്ക് മറുപടി നൽകി സാരമില്ല മോൾക്ക് എടുക്കേണ്ടത് എടുക്കാം ഒരു പ്രശ്നവുമില്ല. അവൾ തന്റെ പുസ്തകം കണ്ടെത്തി. എന്നാൽ പോകാൻ ഒരുങ്ങിയ അവളെ ഒരു ചിത്രം അതിശയിപ്പിച്ചു. ഒരുപക്ഷേ ആ ചിത്രം തന്നെ ആയിരുന്നു അവളെ ഒരു നിമിഷത്തേക്ക് അവിടെ നിർത്തിയത്. ബാല്യത്തിന്റെ നിഷ്കളങ്കത നിറഞ്ഞ ഒരു മുഖം അവളിൽ അത്ഭുതം നിറച്ചു സുഗന്ധം പരത്തുന്ന പൂക്കൾ ആ ചിത്രത്തിൽ അലങ്കരിച്ചിരുന്നു അവൾ പരത്തിയ പ്രകാശം പോലെ ആ ചിത്രത്തിന് മുന്നിലും ഉണ്ടായിരുന്നു ജ്വലിച്ചുകൊണ്ടിരുന്ന ഒരു വിളക്ക് ആരാണ് ഈ കുട്ടി തന്റെ ആകാംക്ഷ അടക്കാൻ വയ്യാതെ തന്നെ ചോദിച്ചു അപ്പോഴാണ് അവൾ ശ്രദ്ധിച്ചത് അമ്മൂമ്മയുടെ കണ്ണിൽനിന്ന് ഒരു തുള്ളി കണ്ണുനീർ പൊടിഞ്ഞു അടക്കിവെച്ച തേങ്ങലോടെ അവർ പറഞ്ഞു ഇവൾ എന്റെ നിധിയായിരുന്നു പേരും നിധി എന്ന് തന്നെയാണ് എന്റെ മകളും മരുമകനും വാഹനാപകടത്തിൽ മരിച്ചപ്പോൾ ആ ദുഃഖം മറക്കുവാൻ എന്നെ പഠിപ്പിച്ച നിധിയാണ് ഇവൾ നിധി എന്ത് നല്ല പേര്? ആ കുട്ടി ഉള്ളിൽ മന്ത്രിച്ചു. അറിയാനുള്ള ആഗ്രഹം കൊണ്ട് തന്മയ വീണ്ടും ചോദിച്ചു അമ്മൂമ്മയുടെ വിധിയായിരുന്നു ഈ കുട്ടി എങ്ങനെയാണ് മരിച്ചത്? മരിച്ചെന്നോ ഇവൾ ഇപ്പോഴും ജീവിക്കുന്നുണ്ട് അവളുടെ ഈ പുഞ്ചിരിയിലൂടെ.എന്നാൽ മോൾ പറഞ്ഞത് ശരിയാണ്. എന്റെ നിധി ഇപ്പോൾ ഈ ലോകത്തില്ല നിങ്ങൾ പഠിക്കുന്നില്ലേ ഒരു മഹാപ്രളയത്തെക്കുറിച്ച്,ആ പ്രണയം എനിക്ക് നൽകിയ നഷ്ടമാണ് എന്റെ മകളുടെ മരണം. എന്റെ നിധിയുടെ വേർപാട്.അമ്മൂമ്മ വിതുമ്പലോടെ മറുപടി നൽകി.

. ക്ഷമിക്കണം അമ്മൂമ്മ വിഷമിപ്പിക്കരുത് സ്നേഹിക്കുന്ന നിധി ഒരിക്കലും അത് ആഗ്രഹിക്കുന്നില്ല എന്നാൽ ഞാൻ പോകുകയാണ്. തന്നെ യാത്ര പറഞ്ഞിറങ്ങി അന്ന് രാത്രി അത്താഴം കഴിഞ്ഞ് നിലാവ് പരത്തുന്ന സൗന്ദര്യം ആസ്വദിക്കുകയായിരുന്നു അമ്മൂമ്മ നിലാവ് നിധിക്കേറെ പ്രിയപ്പെട്ടതായിരുന്നു സത്യത്തിൽ നിലാവിന്റെ ഭംഗി ആസ്വദിക്കാൻ പഠിപ്പിച്ചത് തന്നെ നീതിയാണ് ഒരു ആറു വയസ്സുകാരിയുടെ ജിജ്ഞാസയിലും അറിവിലും കവിഞ്ഞ കുട്ടിയായിരുന്നു നിധി. മരണപ്പെട്ടവർ ആകാശത്തെ നക്ഷത്രങ്ങളായി മാറുമെന്നാണ് വിശ്വാസം അങ്ങനെയെങ്കിൽ നിധിയും ഒരു നക്ഷത്രമായി മാറിക്കാണും അവൾ തന്നെ നോക്കി പുഞ്ചിരിക്കുകയായിരുക്കും. തന്റെ ചിന്തകൾ ചക്രവാളങ്ങൾക്ക് അപ്പുറത്തേക്ക് സഞ്ചരിക്കുകയാണ് എന്ന് അമ്മൂമ്മ മനസ്സിലാക്കി. ഒരു നിമിഷം അമ്മൂമ്മ ചിന്തിച്ചു ആ ചിന്ത ഒരു

അശ്രുകമായി മാറി. അമ്മൂമ്മ ആ കാലത്തെപ്പറ്റി ഓർത്തു ഭർത്താവും മകളും ഒത്ത് സന്തോഷം നിറഞ്ഞ ജീവിതം നയിക്കുകയായിരുന്നു എന്നാൽ രോഗം ഭർത്താവിനെ കവർന്നെടുത്തപ്പോൾ എല്ലാം അവസാനിച്ചു എന്ന് കരുതി പിന്നീട് ജീവിക്കാൻ പ്രേരിപ്പിച്ചത് ആകെ സമ്പാദ്യത്തിന്റെ പകുതിയും ചെലവഴിച്ചാണ് മകളുടെ വിവാഹം ആർഭാടപൂർവ്വം നടത്തിയത് മകനെ പോലെ സ്നേഹിക്കാൻ തയ്യാറായ മരുമകൻ. ജീവിതത്തിന്റെ സായാഹ്ന സമയത്തിലും താൻ ഒരു വസന്തകാലം ആഗ്രഹിച്ചു അത് തന്നെയായിരുന്നു തനിക്ക് കിട്ടിയത്. എല്ലാ സന്തോഷങ്ങൾക്കിടയിലേക്കും പിറന്നുവീഴാൻ നിധിയായിരുന്നു അവൾ എന്റെ കൊച്ചുമകൾ നിധി. അവളുടെ ചോറൂണ് ഒരു പ്രസിദ്ധ ക്ഷേത്രത്തിൽ വച്ച് നടത്തണമെന്നായിരുന്നു ആഗ്രഹം നിറവേറ്റാൻ പോയപ്പോഴാണ് തനിക്ക് മകളെയും മരുമകനെയും നഷ്ടമായത്. തന്നെയും നിധിയും ക്ഷേത്രത്തിൽ ഇറക്കിയിട്ട് എന്തോ ഒരു ആവശ്യത്തിന് പുറത്തു പോയതായിരുന്നു  അവർ. പിന്നീട് തന്നെ തേടിയെത്തിയത് അവരുടെ മരണവാർത്ത.  ഒരമ്മയുടെ ജീവിതത്തിലെ ഏറ്റവും വിഷമം നിറഞ്ഞ കാര്യമാണ് സ്വന്തം മകളുടെ ചിതയ്ക്ക് തീ കൊളുത്തുക എന്നുള്ളത് അതിനും താൻ നിയോഗിക്കപ്പെട്ടു. അച്ഛനും അമ്മയും നഷ്ടപ്പെട്ട ദുഃഖം അറിയിക്കാതെയാണ് അവളെ വളർത്തിയത് അമ്മൂമ്മ എന്നല്ല അമ്മ എന്നാണ് അവൾ തന്നെ വിളിച്ചിരുന്നത് മഴ നിധിക്ക് ഭയങ്കര ഇഷ്ടമുള്ള ഒരു കാര്യമായിരുന്നു എന്നാൽ അന്നത്തെ ദിവസം മഴയിൽ അവളുടെ ജീവൻ കവർന്നെടുത്തു. അമ്മൂമ്മ ആ ദിവസത്തെ പറ്റി ഓർത്തു.

കൊടുങ്കാറ്റ് ആണോ ഇത് അമ്മേ മരങ്ങളും ചെടികളും കാറ്റിലുലയുന്ന പ്രതിഭാസം ആണല്ലോ കൊടുങ്കാറ്റ്  നിധി അവളുടെ സംശയം പ്രകടിപ്പിച്ചു. എന്നാൽ അവളുടെ ആ ചോദ്യം തറച്ചത് എന്റെ ഹൃദയത്തിലായിരുന്നു. അപ്പോഴാണ് എനിക്ക് ഓർമ്മ വന്നതും കേരളത്തിൽ പിടിച്ചു കുലുക്കിയ മഹാപ്രളയത്തെപ്പറ്റി. കേരളത്തിന്റെ പല ഭാഗങ്ങളിലും പ്രളയം നാശം വിതയ്ക്കുന്ന വാർത്തകൾ അന്ന് ഞാൻ കേൾക്കാറുണ്ടായിരുന്നു. അതിനെല്ലാം ഇടവേള നൽകി കൊണ്ടാണ് നിധി അടുത്ത ചോദ്യവും ചോദിച്ചത് ഇവിടെ പ്രളയം വരുമോ അമ്മേ?. പക്ഷേ അന്ന് എനിക്ക് അറിയാമായിരുന്നു. ഇവിടെയിപ്പോൾ മഴ വരുന്ന ഭാവം മാത്രമേയുള്ളൂ. പക്ഷേ ശക്തമായ മഴ പെയ്താൽ നിമിഷങ്ങൾ മതിയായിരുന്നു ഇവിടം മഹാപ്രളയമായി മാറാൻ. ഇത്രയെല്ലാം കാര്യങ്ങൾ അറിയാമായിരുന്നിട്ടും ഇല്ല എന്ന ഒറ്റവാക്കിൽ  ഉത്തരം ചുരുക്കി. സ്കൂളിൽ നിന്ന് വന്നുകഴിഞ്ഞാൽ നിധി തന്നെ വീട്ടുപണി ചെയ്യാൻ സഹായിക്കുമായിരുന്നു. അന്ന് പതിവുപോലെ പറമ്പിലെ ജോലിയെല്ലാം ഒതുക്കിത്തീർത്തിട്ട് ഞങ്ങൾ വീടിനുള്ളിലേക്ക് പോയതാണ്. അന്ന് സ്കൂൾ അവധിയായിരുന്നു. " അമ്മേ നല്ല തണുപ്പ്. എനിക്ക് വിശക്കുന്നു ശർക്കര പായസം ഉണ്ടാക്കി തരാമോ? ". കുസൃതി നിറഞ്ഞ ചിരിയോടെ അവൾ ചോദിച്ചു പിന്നെന്താ  പക്ഷേ മോളെ ശർക്കരയില്ല മാത്രമല്ല കുറച്ച് പലചരക്ക് സാധനങ്ങളുമില്ല. ഈ മഴയത്ത് മിനി ഇവിടെ ഒറ്റയ്ക്കിരുത്തിയിട്ട് എനിക്ക് കടയിൽ പോകാൻ സാധിക്കുമോ. ഇങ്ങനെ ചോദിച്ച അമ്മൂമ്മയ്ക്ക് മറുപടി ഉടനെ കിട്ടി സാരമില്ല ഞാനിവിടെ ഇരുന്നോളാം അമ്മ കടയിൽ പോകാൻ തയ്യാറായിക്കോളൂ അവളുടെ നിർബന്ധം കാരണമാണ് താൻ അന്ന് പുറത്തുപോയത്. ഇല്ലെങ്കിൽ മറ്റൊന്നാകുമായിരുന്നില്ല സംഭവിക്കേണ്ടത് പത്ത് നിമിഷത്തിനുള്ളിൽ തന്നെ തയ്യാറായി ഞാൻ ഇറങ്ങി കടയിലേക്ക് പോവുകയും ചെയ്തു ഞാൻ പോകുന്നത് അവൾ ജനങ്ങളുടെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു ഒരു മേശ ജനക്കുകയായിരുന്നു എന്നാൽ അപ്പോഴേക്കും ചാറ്റൽ മഴ തുടങ്ങിയിരുന്നു.  എല്ലാ പ്രതീക്ഷകളും അട്ടിമറിച്ചു കൊണ്ടാണ് ആ മഴ ശക്തി പ്രാപിച്ചത് ചെറിയ വെള്ളക്കെട്ടുകൾ അവിടെയെല്ലാം നിറഞ്ഞു റോഡിലൂടെ വെള്ളം ഒഴുകുന്നത് നോക്കിയിരുന്നു എന്നാൽ കുട എടുക്കാൻ മറന്നു പോയ എനിക്ക് ശക്തമായ മഴ കാരണം തിരികെ പോകാൻ കഴിഞ്ഞില്ല ആ പ്രദേശത്തെങ്ങും വെള്ളം പൊങ്ങി. അപ്പോൾ ഉണ്ടായിരുന്ന എല്ലാവരെയും പോലീസ് സുരക്ഷിതസ്ഥാനത്തേക്ക് ഒഴിപ്പിച്ചു   വീട്ടിൽനിധി ഒറ്റയ്ക്കായിരുന്നു. രക്ഷാപ്രവർത്തനത്തിനായി വന്ന എല്ലാവരോടും ഞാൻ പലതവണ ആവർത്തിച്ച്

പറഞ്ഞതാണ് വീട്ടിൽ നിധി ഒറ്റയ്ക്കാണെന്ന്. അവർ എന്നോട് പറഞ്ഞു അമ്മ താമസിക്കുന്ന സ്ഥലം വെള്ളപ്പൊക്ക ഭീഷണിയുള്ള ഒരു സ്ഥലമാണ് അതുകൊണ്ട് അമ്മയുടെ കൊച്ചുമകളെ ഇങ്ങോട്ട് കൊണ്ടുവരാമെന്ന് പക്ഷേ അവളെ തേടിപ്പോയ അവർക്ക് ലഭിച്ചത് അവളുടെ ചേതനയറ്റ ശരീരമാണ്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കി വൈദ്യുതാഘാതം കാരണമാണ് മരണമെനന്ന്.മൂന്നാം ദിവസം അവരുടെ കൈകളിൽ ഏറ്റുവാങ്ങേണ്ടിവന്നു ആഗ്രഹിക്കാത്ത കാര്യങ്ങളെയാണ് ഒന്നുകൂടി കൂടി തട്ടിയെടുത്തു. മെയിന് സ്വിച്ച് ഓഫ് ആക്കാൻ പോലും അവൾക്ക് അറിയില്ലായിരുന്നു. ക

ആ സാഹചര്യത്തിൽ ചെയ്യാനുള്ള അടിസ്ഥാന കാര്യങ്ങൾ പോലും അവൾക്ക് അറിയി ല്ലായിരുന്നു അതുകൊണ്ടാകും അവൾ ഈ അപകടത്തിൽപ്പെട്ടത്. താൻ ഒരിക്കലും ആ ഓർക്കാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ ഒന്നുകൂടി അമ്മ പൊടി തട്ടിയെടുത്തു. നിധിയില്ലാത്ത വീട് അമ്മൂമ്മയ്ക്ക് ഒരു നരകം പോലെയായിരുന്നു. അപ്പോഴാണവർക്ക് മനസ്സിലായത് അവരുടെ ജീവിതത്തിലെ വിളക്കും നിധിയും എല്ലാം അവൾ ആയിരുന്നുവെന്ന്.പക്ഷേ അപ്പോഴേക്കും അവൾ ഈ ലോകത്ത് നിന്ന് വേർപെട്ടു പോയിരുന്നു.

ദിവസങ്ങൾ അങ്ങനെ കടന്നുപോയി ആ പ്രളയത്തെപ്പറ്റി പഠിക്കുവാൻ വേണ്ടി ധാരാളം പേർ ആ പ്രദേശത്ത് എത്തി അമ്മൂമ്മയ്ക്ക് അവരോട് പറയുവാൻ ഉണ്ടായിരുന്നത് ഒരേ ഒരു കാര്യം മാത്രമായിരുന്നു നഷ്ടപ്പെട്ടുപോയ നിധിയെപ്പറ്റി.

ദിവസങ്ങൾ കടന്നുപോകുന്നതോടുകൂടി വാർദ്ധക്യം അമ്മൂമ്മയെ കവർന്നെടുക്കുകയായിരുന്നു പര സഹായം കൂടാതെ ഒരു അവസ്ഥ പാവം അമ്മൂമ്മയെ തേടിയെത്തി. അങ്ങനെ രണ്ട് വർഷങ്ങൾ കഴിഞ്ഞു അതിനിടയ്ക്ക് തന്മയ അവൾ പഠിച്ചിരുന്ന സർവ്വകലാശാലയിൽ തന്നെ ഒരു അധ്യാപികയായി ജോലി നേടി വർഷങ്ങൾക്ക് മുമ്പ് നിധി എന്ന കുട്ടിയെ ജീവനായി കരുതിയിരുന്ന അമ്മൂമ്മയെ പറ്റി അറിയുവാൻ അവരോട് സംസാരിക്കുവാൻ കഴിയുമെങ്കിൽ സഹായിക്കുവാൻ തന്മയ ഏറെ ആഗ്രഹിച്ചിരുന്നു. അമ്മൂമ്മയെ തേടി അവൾ ആ വീട്ടിലെത്തി. അവിടെയെത്തിയ തന്മയ്ക്കു കാണുവാൻ സാധിച്ചത് ഒരാൾക്കൂട്ടത്തെയാണ് ഏതെങ്കിലും വിദ്യാർത്ഥികൾ ആയിരിക്കും എന്നാണ് അവൾ കരുതിയത് . അവിടെ കൂടിയിരുന്ന സ്ത്രീകളും പുരുഷന്മാരും ഒരുതരം നിശബ്ദത അവിടെ പടർത്തി അധികം വയ്യാതെ തന്മയ ആ സത്യം മനസ്സിലാക്കി നിധി പോയ ആ പരലോകത്തേക്ക് അവളുടെ അമ്മൂമ്മയും യാത്രയായിരിക്കുകയാണ്. തേങ്ങലുകൾ ഉയരാത്ത ഒരു മരണവീട് അമ്മയ്ക്ക് വേണ്ടി ഒരു തുള്ളി കണ്ണുനീർ പൊഴിക്കാൻ പോലും ഇന്ന് ആരുമില്ല ആകെ ഉണ്ടായിരുന്ന അവരുടെ കൊച്ചുമകളും അവരെക്കാൾ മുൻപേ ആ പരലോകത്ത് എത്തിയിരിക്കുകയാണ് എന്നാൽ തന്മയക്ക് അല്പം ആശ്വാസം തോന്നി കാരണം അമ്മൂമ്മ നിധിയെ കാണാൻ പോകുകയാണ് അടുത്ത ജന്മവും അവർ അമ്മയും മകളുമായി ജനിക്കട്ടെ.ഞെട്ടലോടെ തന്മയ ആ സത്യം മനസ്സിലാക്കി. ആ വീട്ടിൽ ഇനി വസന്തം ഇല്ല അന്ത്യമില്ലാത്ത ശൈത്യം മാത്രം

# സംസ്കൃതം കവിത

अम्बायाः लावण्यम् ।
अम्बा मनसा नत्वा प्रतिदिन महम् उत्तिष्ठामि
प्रभाते मातृस्वरूपमेव मम सन्तोष कारणम
अम्बाया : लावण्यं स्नेहं च अतिमनोहरमेव
अम्बायाः स्नेह लावण्यमू मयूखमिव शोभते
सस्य सहित पुष्प सदृश सौन्दर्य मिव शोभते
मम अम्बा प्रिय सखी इव इदानीं विराजते ॥

अनुपमा विबिन् तम्बि
अष्टम कक्षा
ए स् . ए न् . वि . ए स् .
तिरुमूल पुरं . ।

कविता

चन्द्रः
यदा सूर्यः गच्छति
तदा चन्द्रः आगच्छति
तारागण सहिता आगच्छति
शीतल सहितम आगच्छति .
चन्द्र प्रकाशेन श्वेत पुष्पाणि
सुगन्ध समेतं भूमौ विलसन्ति
चन्द्रस्य शीतल छाया मे सुखं ददामि ॥

Avanthika Suresh
VIII. C

## ഹിന്ദി -കവിത

आप तब तक नहीं हार सकतें ! ..

आप तब तक न हार पाओगे
जब खुद को आप समझ पाओगे।
अपने मन कि बेहतरीन कहानी
खुद की मूह से सुनकर पहचानी।।

सूरज जितना बनना है तो
सूरज जितना जलना होगा।

नदियों सा आदर पाना है तो
पर्वत छोड़ निकलना होगा।।

जब उदास सूरज चमक न पाएगा,
जब सितारे सारे सरेखित न बहलाएगा।
जब तुम अपने बिस्तर में कम्बल लपेटकर, खुद को चुप रहने के

लिए मजबूर किया जायेगा।।

कहता है कि नदी भी डर से कांपता है

जब वे सागर से आलिंगन करने वाला
है।




SNVSHS THIRUVALLA
PTA DIST. KALOLSAVAM
Prasangam (HS)
English
Malayalam
1 st
A Grade
A Grade
Aksa Ann Abraham (9B)
Congratulations



